<u>15 -ാം കേരള നിയമസഭ</u>

<u>3 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4693</u> <u>29-10-2021 - ൽ മറുപടിയ്ക്ക്</u>

<u>കണ്ണൂർ ജില്ലയിലെ പുനർഗേഹം പദ്ധതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് കുടുംബങ്ങളെ പുനരധിവസിപ്പിച്ചതിനായി എത്ര രൂപ ചെലവാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി 186,17,90,272/- രൂപ (നൂറ്റി എൺപത്തി ആറ് കോടി പതിനേഴ ലക്ഷത്തി തൊണ്ണൂറായിരത്തി ഇരുന്നൂറ്റി എഴുപത്തി രണ്ടു രൂപാ മാത്രം) ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി എത്ര കുടുംബങ്ങളെ കണ്ടെത്തിയിട്ടുണ്ടെന്നും എത്ര കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ? | (ബി) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽ പുതിയങ്ങാടി, മാട്ടൂൽ എന്നീ മത്സ്യഗ്രാമങ്ങളിലായി പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ആകെ 258 കുടുംബങ്ങളെ കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ഇതിൽ 6 കുടുംബങ്ങളാണ് പദ്ധതി പ്രകാരം മാറി താമസിക്കുന്നതിന് സന്നദ്ധത അറിയിച്ചിട്ടുള്ളത്. ഇതിൽ 2 കുടുംബങ്ങളെ മാറ്റി പാർപ്പിക്കുകയും ഒരു ഗുണഭോക്താവ് ഭവന നിർമ്മാണത്തിനായി 3 സെന്റ് സ്ഥലം രജിസ്റ്റർ ചെയ്തിട്ടുമുണ്ട് |

സെക്ഷൻ ഓഫീസർ